പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2286 20.06.2012 ൽ മറുപടി നല്കേണ്ടിയിരുന്നത്

## ആരോഗ്യ പ്രവർത്തകരുടെ സീനിയോറിറ്റി ലിസ്റ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ബഷീർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ജില്ലാതലങ്ങളിൽ മാത്രം നിയമനം നടക്കുന്ന ആരോഗ്യ പ്രവർത്തകരുടെ സീനിയോറിറ്റി പട്ടിക ജില്ലാ തലത്തിൽ പ്രസിദ്ധീകരിക്കുന്നതിനും ജില്ലയിൽ ഒഴിവ് വരുന്ന പ്രമോഷൻ തസ്തികകളിൽ പ്രസ്തുത ലിസ്റ്റിൽ നിന്നും പ്രമോഷൻ നല്കുവാനും നടപടി സ്വീകരിക്കുമോ ; | എ) ജില്ലാതലങ്ങളിൽ മാത്രം നിയമനം നടക്കുന്ന ആരോഗ്യ പ്രവർത്തകരുടെ സീനിയോറിറ്റി പട്ടിക നിയമന അഡ്വൈസ് തീയതി പ്രകാരം തയ്യാറാക്കി അടുത്ത തസ്തികയിലേയ്ക്കുള്ള പ്രൊമോഷന് പരിഗണിക്കുകയും പ്രൊമോഷൻ ലഭിക്കുന്ന തനുസരിച്ച് ഒഴിവിന്റെ അടിസ്ഥാനത്തിൽ മറ്റു ജില്ലകളിലേയ്ക്ക് പരിഗണിക്കുകയുമാണ് പതിവ്. പ്രൊമോഷൻ നടക്കുമ്പോൾ ജില്ലാതലക്കാരെ ഒഴിവുണ്ടെങ്കിൽ അതാത് ജില്ലയിൽ തന്നെ നിയമിക്കുകയാണ് ചെയ്യുന്നത്. അതിന് ജില്ലാതലത്തിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ട ആവശ്യകത ഇല്ല. |
| ബി) ആരോഗ്യ വകുപ്പിലെ വനിതാ വിഭാഗം ഫീൽഡ് ജീവനക്കാരുടെ കേന്ദ്രീകൃത വിലയിരുത്തൽ നടത്തുന്നതിന് ഡി.എച്ച്.എസ്. തലത്തിൽ നിയമിക്കപ്പെടുന്ന ടീമിൽ വനിതാ വിഭാഗം ആരോഗ്യ പ്രവർത്തകരുടെ സൂപ്പർവൈസറി തസ്തികയിൽപ്പെട്ടവരെ കൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ബി) കേന്ദ്രീകൃത വിലയിരുത്തൽ നടത്തുന്ന ടീമിന് അപര്യാപ്തമായ സൗകര്യങ്ങളിലും താമസസൗകര്യം ലഭിക്കാതെയുള്ള സാഹചര്യങ്ങളിലും ജോലി ചെയ്യേണ്ടി വരുമെന്നതിനാൽ ഇപ്രകാരം ജോലി ചെയ്യാൻ സമ്മതമാണെന്ന് അറിയിക്കുന്ന പബ്ലിക് ഹെൽത്ത് നഴ്സുമാരെ ടീമിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ